# ബാലസംരക്ഷണ സമിതികളുടെ ശാക്തീകരണം

# Strengthening of Child Protection Committees (CPC)

KERALA STATE COMMISSION FOR PROTECTION OF CHILD RIGHTS

**കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ**

**തിരുവനന്തപുരം**

**ഒക്ടോബർ 2018**

# ഉള്ളടക്കം


| ക്രമ. നം. | സൂചിക | പേജ് നം. |
|---|---|---|
| 1. | ആമുഖം | 5 |
| 2. | കേരളത്തിലെ തദ്ദേശസ്വയംഭരണ സർക്കാരുകളുടെ സ്ഥിതിവിവര കണക്ക് | 6 |
| 3. | ജില്ലാ അടിസ്ഥാനത്തിലുള്ള സ്ഥിതിവിവര കണക്ക് | 7 |
| 4. | സംക്ഷിപ്ത റിപ്പോർട്ട് | 13 |
| 5. | സമിതികളുടെ നിർവ്വഹണ സാധ്യതകൾ | 21 |

# ആമുഖം


സാമൂഹ്യ വികസനവും മെച്ചപ്പെട്ട ജീവിത നിലവാരവും പ്രോത്സാഹിപ്പിക്കാൻ കുട്ടികളുടെ എല്ലാവിധ അവകാശങ്ങളും സംരക്ഷിക്കപ്പെടുകയും ശൈശവകാലത്ത് പ്രത്യേക സംരക്ഷണം നൽകുകയും വേണമെന്ന് മനുഷ്യാവകാശം സംബന്ധിച്ച ഐക്യരാഷ്ട്രസഭയുടെയും മറ്റ് അന്താരാഷ്ട്ര സമ്മേളനങ്ങളുടെയും സാർവ്വദേശീയ പ്രഖ്യാപനങ്ങൾ നിഷ്ക്കർഷിക്കുന്നു. അനാഥരായ കുട്ടികൾ, അതിക്രമങ്ങൾക്ക് ഇരയാകുന്ന കുട്ടികൾ, ഭിക്ഷാടനത്തിലേർപ്പെടുന്ന കുട്ടികൾ, മറ്റ് വിഷമകരമായ സാഹചര്യത്തിൽ ജീവിക്കുന്ന കുട്ടികൾ എന്നിങ്ങനെ ശ്രദ്ധയും സംരക്ഷ ണവും ആവശ്യമുള്ള എല്ലാ കുട്ടികളും ബാലനീതി (കുട്ടികളുടെ ശ്രദ്ധയും സംരക്ഷണവും) നിയമം, 2015-ന്റെ പരിധിയിൽ വരുന്നു.

സ്വന്തം കുടുംബത്തിൽപ്പോലും കുട്ടികൾ സുരക്ഷിതരല്ലാത്ത ഒരു സാമൂഹിക പശ്ചാത്തലം കേരളത്തിൽ ക്രമേണ ഉരുത്തിരിഞ്ഞു വരുന്നതായി വാർത്തകൾ സൂചിപ്പിക്കുന്നു. കുട്ടികൾക്ക് ഭയരഹിതമായും നിഷ്കളങ്കമായും ജീവിക്കാൻ കഴിയുന്ന അവസ്ഥ ഒരുക്കികൊടുക്കേണ്ട ഉത്തരവാദിത്വം സമൂഹത്തിലെ ഓരോ വ്യക്തിയ്ക്കുമുണ്ട്. UNCRC (അനുച്ഛേദം 19) പ്രകാരം മാതാപിതാക്കളിൽ നിന്നോ, രക്ഷിതാക്കളിൽ നിന്നോ ഉണ്ടാകാവുന്ന അതിക്രമങ്ങൾ, ലൈംഗികവും അല്ലാത്തതുമായ ചൂഷണം, അവഗണന എന്നിവയിൽ നിന്നും കുട്ടികൾക്കുള്ള സംരക്ഷണം ഭരണകൂടം ഉറപ്പുവരുത്തണം. കൂടുതൽ കരുതലും ശ്രദ്ധയും ആവശ്യമുള്ള ശിശുപ്രായത്തിൽ കുടുംബങ്ങളിലും സമൂഹത്തിലുമുള്ള മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും സ്വാധീനം, സാമൂഹിക-സാമ്പത്തിക പിന്നോക്കാവസ്ഥ, വർഗീയ-രാഷ്ട്രീയ സംഘട്ടനങ്ങൾ തുടങ്ങി വിവിധ കാരണങ്ങൾ കുട്ടികളുടെ സുരക്ഷിതത്വത്തിന് വെല്ലുവിളി ഉയർത്തുന്നു. ഓരോ പ്രദേശത്തും വ്യത്യസ്തമായ സാഹചര്യങ്ങളാണ് നിലനിൽക്കുന്നത് എന്നതിനാൽ സമീപനവും വ്യത്യസ്തമായിരിക്കണം.

ആയതിനാൽത്തന്നെ കുട്ടികളുടെ ക്ഷേമത്തിനായുള്ള പ്രവർത്തനങ്ങൾ ഓരോ ജില്ലയിലും പ്രത്യേകം പ്രത്യേകം നടപ്പിലാക്കേണ്ടതുണ്ട്. കുട്ടികളുടെ ശാരീരികവും മാനസികവും സാമൂഹികവുമായ വളർച്ചയ്ക്ക് അനുയോജ്യമായ പ്രവർത്തനങ്ങൾ, കേന്ദ്ര വനിതാ-ശിശു വികസന മന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന സംയോജിത ശിശുസംരക്ഷണ പദ്ധതി (ICPS)

യിലൂടെയാണ് കേരളത്തിൽ നടപ്പിലാക്കുന്നത്. പ്രാദേശികതലത്തിൽ തന്നെ കുട്ടികളുടെ സുരക്ഷിതത്വത്തെ ബാധിക്കുന്ന പ്രശ്നങ്ങൾ കണ്ടെത്താനും, പഠിക്കാനും പരിഹാരം കാണുന്നതിനുമായി സാമൂഹികനീതി വകുപ്പ്, സംസ്ഥാന ജില്ലാ-ബ്ലോക്ക്-ഗ്രാമ തലത്തിലും, കോർപ്പറേഷൻ, മുൻസിപ്പൽ തലത്തിലും ബാലസംരക്ഷണ സമിതികൾ രൂപീകരിച്ച് ഉത്തരവിറക്കിയിട്ടുണ്ട് (G.O (Rt) No. 444/2017/SJD dtd. 03/07/2017 & G.O(MS) No. 68/12/SJD dtd. 09/11/2012).

## കേരളത്തിലെ തദ്ദേശസ്വയംഭരണ സർക്കാരുകളുടെ സ്ഥിതിവിവര കണക്ക്





| | |
|---|---|
| ജില്ലാ പഞ്ചായത്തുകൾ | - 14 |
| കോർപ്പറേഷനുകൾ | - 6 |
| മുൻസിപ്പാലിറ്റികൾ | - 87 |
| ബ്ലോക്ക് പഞ്ചായത്ത് | - 152 |
| ഗ്രാമപഞ്ചായത്തുകൾ | - 941 |

## ജില്ലാ അടിസ്ഥാനത്തിലുള്ള സ്ഥിതി വിവര കണക്ക്

| ജില്ലയുടെ പേര് | കോർപ്പറേഷൻ | മുൻസിപ്പാലിറ്റി | ബ്ലോക്ക് പഞ്ചായത്ത് | ഗ്രാമ പഞ്ചായത്ത് |
|---|---|---|---|---|
| തിരുവനന്തപുരം | 1 | 4 | 11 | 73 |
| കൊല്ലം | 1 | 4 | 11 | 68 |
| പത്തനംതിട്ട | | 4 | 8 | 53 |
| ആലപ്പുഴ | | 6 | 12 | 72 |
| കോട്ടയം | | 6 | 11 | 71 |
| ഇടുക്കി | | 2 | 8 | 52 |
| എറണാകുളം | 1 | 13 | 14 | 82 |
| തൃശ്ശൂർ | 1 | 7 | 16 | 86 |
| പാലക്കാട് | | 7 | 13 | 88 |
| മലപ്പുറം | | 12 | 15 | 94 |
| കോഴിക്കോട് | 1 | 7 | 12 | 70 |
| വയനാട് | | 3 | 4 | 23 |
| കണ്ണൂർ | 1 | 9 | 11 | 71 |
| കാസർഗോഡ് | | 3 | 6 | 38 |
| ആകെ | **6** | **87** | **152** | **941** |

മേൽ വിശദീകരിച്ചിരിക്കുന്നതു പോലെ 941 ഗ്രാമപഞ്ചായത്തുകൾ, 152 ബ്ലോക്ക് പഞ്ചായത്തുകൾ, 14 ജില്ലാ പഞ്ചായത്തുകൾ, 87 മുൻസിപ്പാലിറ്റികൾ, 6 കോർപ്പറേഷനുകൾ എന്നിവയാണ് നിലവിൽ കേരള സംസ്ഥാനത്തുള്ളത്. എല്ലാ തദ്ദേശ സ്വയംഭരണ സർക്കാരുകളിലും മേൽ ഉത്തരവുകൾ പ്രകാരം സമിതിയുടെ പ്രവർത്തനം നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ എല്ലായിടത്തും സമിതികളുടെ പ്രവർത്തനം നടക്കുന്നില്ലെന്നാണ് റിപ്പോർട്ട്. പോലീസ്, നിർഭയ വോളന്റിയേഴ്സ്, പാരാ ലീഗൽ വോളന്റിയേഴ്സ്, കുടുംബശ്രീ വോളന്റിയേഴ്സ്, ജാഗ്രതാ സമിതി എന്നിവരുമായി ചേർന്ന് പ്രാദേശികാടിസ്ഥാനത്തിൽ കുട്ടികളുടെ അവസ്ഥാ പഠനം നടത്താനും, വീട്ടിലും വിദ്യാലയത്തിലും പൊതുസമൂഹത്തിലും കൂടുതൽ ശ്രദ്ധയും കരുതലും ആവശ്യമാണെന്ന് വിവിധ കർത്തവ്യവാഹകരെ ബോദ്ധ്യപ്പെടുത്താനും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെ പങ്കാളിത്തം ഉറപ്പുവരുത്താനും ICPS പദ്ധതി പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിയിൽ ഉൾപ്പെടുത്തുമ്പോൾ നേരിടുന്ന വെല്ലുവിളികൾ പരിഹരിക്കുന്നതിനുള്ള മാർഗങ്ങൾ കണ്ടെത്താനും ചർച്ചകളും പഠനങ്ങളും ആവശ്യമാണ്.

ജില്ലാ- ബ്ലോക്ക്- ഗ്രാമതല ചൈൽഡ് പ്രൊട്ടക്ഷൻ കമ്മറ്റികൾ, കോർപ്പഷേൻ- മുൻസിപ്പാലിറ്റിതല ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റികൾ


Kasaragod
Muncipality - 3
Block panchayat - 6
Grama Panchayat - 38
Kannur
Corporation-1
Muncipality - 4
Block panchayat - 11
Grama Panchayat - 71
Wayanad
Muncipality - 3
Block panchayat - 4
Grama Panchayat - 23
Kozhikode
Corporation-1
Muncipality - 7
Block panchayat - 12
Grama Panchayat - 70
Malappuram
Muncipality - 12
Block panchayat - 15
Grama Panchayat - 94
Palakkad
Muncipality - 7
Block panchayat - 13
Grama Panchayat - 88
Thrissur
Corporation - 1
Muncipality - 7
Block panchayat - 16
Grama Panchayat - 86
Ernakulam
Corporation-1
Muncipality - 13
Block panchayat - 14
Grama Panchayat - 82
Idukki
Muncipality - 2
Block panchayat - 8
Grama Panchayat - 52
Kottayam
Muncipality - 6
Block panchayat - 11
Grama Panchayat - 71
Alappuzha
Muncipality - 6
Block panchayat - 12
Grama Panchayat - 72
Pathanamthitta
Muncipality - 4
Block panchayat - 8
Grama Panchayat - 53
Kollam
Corporation-1
Muncipality - 4
Block panchayat - 11
Grama Panchayat - 68
Thiruvananthapuram
Corporation-1
Muncipality - 4
Block panchayat - 11
Grama Panchayat - 73
KERALA
KASARAGOD
Kasaragod
KANNUR
Kannur
Mahe (Puducherry)
WAYANAD
Kalpetta
KOZHIKODE
Kozhikode
MALAPPURAM
Malappuram
PALAKKAD
Palakkad
THRISSUR
Thrissur
ERNAKULAM
Ernakulam
IDUKKI
Painavu
KOTTAYAM
Kottayam
ALAPPUZHA
Alappuzha
PATHANAMTHITTA
Pathanamthitta
KOLLAM
Kollam
THIRUVANANTHAPURAM
Thiruvananthapuram
LEGEND
State Boundary
District Boundary
District HQ
State Capital
Map not to Scale
Copyright © 2013 www.mapsofindia.com
(Updated on 8th February 2013)

എന്നിവ കൃത്യമായ അജൻഡയോടു കൂടി യോഗങ്ങൾ നടത്തുകയും കുട്ടികളെ സംബന്ധിച്ചുള്ള പ്രാദേശികമായ വിഷയങ്ങൾ പരിഹരിക്കപ്പെടുന്നതിനുള്ള ആസൂത്രിതമായ നടപടികൾ സർക്കാർ മാർഗരേഖകളെ അടിസ്ഥാനമാക്കി സ്വീകരിക്കുകയും ചെയ്യുവാൻ തദ്ദേശസ്വയംഭരണ സർക്കാരുകൾ ബാധ്യസ്ഥരാണ്. കുട്ടികളുമായി ബന്ധപ്പെട്ട വിവിധ പദ്ധതികളെക്കുറിച്ച് മനസ്സിലാക്കുന്നതിനും, ചർച്ച ചെയ്യുന്നതിനും ജനപ്രതിനിധികൾ മുന്നോട്ടു വരുമ്പോൾ മാത്രമേ അത്തരത്തിലുള്ള കാഴ്ചപ്പാട് സമൂഹത്തിൽ സൃഷ്ടിക്കുവാനും കുട്ടികൾ നേരിടുന്ന അവഗണനയും, ചൂഷണവും, അരക്ഷിതത്വവും പരിഹരിക്കുവാനും സാധിക്കുകയുള്ളൂ.

## ശിൽപ്പശാലകളുടെ ഉദ്ദേശ ലക്ഷ്യങ്ങൾ

1. ബാലസംരക്ഷണ സമിതികളുടെ ഉത്തരവാദിത്തങ്ങളും പ്രവർത്തനങ്ങളും എല്ലാ ജനപ്രതിനിധികളുടെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും ശ്രദ്ധയിൽ മുൻഗണാനാടിസ്ഥാനിൽ കൊണ്ടുവരിക.

2. കുട്ടികൾക്കുവേണ്ടി ചെലവഴിക്കപ്പെടേണ്ടതായ പ്ലാൻഫണ്ട് ഫലപ്രദമായി വിനിയോഗിക്കപ്പെടുന്നതിനുള്ള മാർഗദർശനവും കാഴ്ചപ്പാടും തദ്ദേശസ്വയംഭരണ സർക്കാർ പ്രതിനിധികളിൽ ഉണ്ടാക്കിയെടുക്കുക.

3. കുട്ടികളുടെ സംരക്ഷണത്തിനായുള്ള പദ്ധതികളും പരിപാടികളും തദ്ദേശ സ്വയംഭരണ സർക്കാർതലത്തിൽ സമയബന്ധിതമായി നടപ്പിലാക്കുന്നതിനുള്ള ധാരണയും അറിവും പകർന്നു നൽകുക.

4. പ്രദേശികമായ പ്രത്യേകതകൾ കണക്കിലെടുത്ത് അതാതുപ്രദേശങ്ങളിൽ കുട്ടികൾക്ക് അനുയോജ്യമായ പദ്ധതികളും പരിപാടികളും ആവിഷ്ക്കരിക്കുന്നതിനുള്ള പിൻതുണ ആർജ്ജിക്കുക.

5. പ്രാദേശികതലത്തിലും ജില്ലാതലത്തിലും സംസ്ഥാനതലത്തിലും കുട്ടികൾക്ക് വേണ്ടി പ്രാബല്യത്തിലുള്ള പദ്ധതികളുടെയും പരിപാടികളുടെയും ഗുണപരമായ സവിശേഷതകൾ പ്രാദേശികമായി രൂപപ്പെടുത്തുന്ന പദ്ധതികളിൽ ഉൾച്ചേർക്കുവാനുള്ള അറിവും മനോഭാവവും പകർന്ന് നൽകുക.

6. കുട്ടികൾക്ക് വേണ്ടിയുള്ള പരിപാടികളുടെ സമയബന്ധിതമായ അവലോകനങ്ങളും വിലയിരുത്തലുകളും നടത്തുന്നതിനുള്ള മാർക്ഷരേഖ രൂപപ്പെടുത്തി വകുപ്പുതലങ്ങളിലും സർക്കാർതലത്തിലും സമർപ്പിക്കുകയും അംഗീകാരം നേടുകയും ചെയ്യുക.

## ശിൽപ്പശാലകളുടെ നടത്തിപ്പ്

ബാലസംരക്ഷണ സമിതികളുടെ ശാക്തീകരണവുമായി ബന്ധപ്പെട്ട് പ്രാഥമികമായി കമ്മീഷൻ എല്ലാ ജില്ലകളിലും ജില്ലാതല ബാലസംരക്ഷണ സമിതികൾ കൂടുവാൻ നിശ്ചയിക്കുകയും ആയതിനുള്ള ഉത്തരവാദിത്തം ബന്ധപ്പെട്ട കമ്മീഷൻ മെമ്പർമാർക്ക് നൽകുകയും ചെയ്തു. ശിൽപ്പശാലകൾ സംബന്ധിച്ചുള്ള വ്യക്തമായ ധാരണ ജില്ലാതല ബാലസംരക്ഷണ സമിതിക്ക് നൽകുകയെന്ന ലക്ഷ്യത്തോടെ നടത്തപ്പെട്ട കൂടിയാലോചനായോഗങ്ങൾ ജില്ലാതല ബാലസംരക്ഷണ സമിതിയുടെ അദ്ധ്യക്ഷൻമാരുടെയും ഉപാദ്ധ്യക്ഷൻമാരുടെയും സാന്നിദ്ധ്യത്തിൽ കൺവീനർമാരായ ജില്ലാ ചൈൽഡ് ഓഫീസർമാരുടെ ഉത്തരവാദിത്വത്തിൽ 14 ജില്ലകളിലും മെയ് – ജൂൺ മാസങ്ങളിൽ നടക്കുകയുണ്ടായി. ആയതിന്റെ സംക്ഷിപ്ത റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജില്ല | തീയതി | പങ്കെടുത്ത കമ്മീഷൻ അംഗം |
|---|---|---|---|
| 1 | തിരുവനന്തപുരം | 02.06.2018 | ശ്രീ. സി.ജെ. ആന്റണി<br>(ആക്റ്റിംഗ് ചെയർപേഴ്സൺ)<br><br>ഡോ. എം.പി. ആന്റണി |
| 2 | കൊല്ലം | 05.05.2018 | ശ്രീ. സി.ജെ. ആന്റണി |
| 3 | പത്തനംതിട്ട | 29.05.2018 | സിസ്റ്റർ. ബിജി ജോസ് സി.എം.സി. |
| 4 | ആലപ്പുഴ | 29.06.208 | സിസ്റ്റർ. ബിജി ജോസ് സി.എം.സി. |
| 5 | കോട്ടയം | 21.05.2018 | ഡോ. എം.പി. ആന്റണി |
| 6 | ഇടുക്കി | 05.06.2018 | സിസ്റ്റർ. ബിജി ജോസ് സി.എം.സി. |
| 7 | എറണാകുളം | 13.06.2018 | ഡോ.എം.പി. ആന്റണി |
| 8 | തൃശ്ശൂർ | 02.06.2018 | ശ്രീമതി. ശ്രീല മേനോൻ |
| 9 | പാലക്കാട് | 07.06.2018 | ശ്രീ. സി.ജെ. ആന്റണി |
| 10 | മലപ്പുറം | 16.05.2018 | ഡോ.എം.പി. ആന്റണി |
| 11 | കോഴിക്കോട് | 25.05.2016 | ശ്രീമതി. ശ്രീലമേനോൻ |
| 12 | വയനാട് | 26.06.2018 | സിസ്റ്റർ. ബിജി ജോസ് സി.എം.സി. |
| 13 | കണ്ണൂർ | 12.06.2018 | ശ്രീമതി. ശ്രീലമേനോൻ |
| 14 | കാസർഗോഡ് | 11.06.2018 | ശ്രീമതി. ശ്രീലമേനോൻ |

# സംക്ഷിപ്ത റിപ്പോർട്ട്

### തിരുവനന്തപുരം

03.07.2018 ൽ ബഹു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. വി.കെ. മധുവിന്റെ അദ്ധ്യക്ഷതയിൽ ബഹു. കമ്മീഷൻ അംഗങ്ങൾ ശ്രീ. സി.ജെ. ആന്റണിയുടെയും ശ്രീ എം.പി. ആന്റണിയുടെയും സാന്നിദ്ധ്യത്തിൽ ജില്ലാതല ശിശു സംരക്ഷണ മേൽനോട്ട സമിതി യോഗം ചേർന്നു. കുട്ടികളുടെ പ്രശ്നങ്ങൾ സമൂഹത്തിന്റെ താഴെ ത്തട്ടിൽ മുതൽ ചർച്ച ചെയ്യപ്പെടേണ്ടതുണ്ടെന്നും ഓരോ തട്ടിലുമുള്ള വിഷയങ്ങൾ അതാതു തലങ്ങളിലെ പ്രാദേശിക വിഭവങ്ങൾ ഉപയോഗിച്ച് പരിഹരിക്കാൻ കഴിയണമെന്നും അതിനു കഴിയാതെ വരുന്നത് ജില്ലാതലത്തിലോ സംസ്ഥാനതലത്തിലോ പരിഹരിക്കപ്പെടണമെന്നുമുള്ള അഭിപ്രായം ചർച്ചയിൽ ഉയർന്നു വന്നു. ഇരുപത് ദിവസത്തിനകം ജില്ലയിലെ വില്ലേജ്തല പ്രൊട്ടക്ഷൻ കമ്മിറ്റികളുടെ യോഗം ചേർന്ന് റിപ്പോർട്ട് ഡി.സി.പി.സി. ചെയർമാന് കൈമാറണമെന്ന് തീരുമാനിച്ചു. പി.ഡബ്ല്യു.ഡി. റസ്റ്റ് ഹൗസിൽ വച്ച് ജില്ലയിലെ കോർപ്പറേഷൻ, ജില്ലാ പഞ്ചായത്ത്, മുൻസിപ്പാലിറ്റികൾ തുടങ്ങിയവയിലെ പ്രതിനിധികളെ ഉൾപ്പെടുത്തി ഒരു ശിൽപ്പശാലയും ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് പ്രതിനിധികൾക്കായി ഓരോ ശിൽപ്പശാലയും രണ്ടു ബാച്ചുകളായും സംഘടിപ്പിക്കാനും തീരുമാനിച്ചു.

### കൊല്ലം

05.05.2018 ൽ ബഹു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. സി. രാധാമണിയുടെ അദ്ധ്യക്ഷതയിൽ ബഹു. കമ്മീഷൻ അംഗം ശ്രീ. സി.ജെ. ആന്റണിയുടെ സഹഅദ്ധ്യക്ഷതയിൽ ജില്ലാതല അവലോകന യോഗം ചർന്നു. ചൈൽഡ് വെൽഫെയർ കമ്മിറ്റി, ജുവനൈൽ ജസ്റ്റിസ് ബോർഡ്, സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റ്, ചൈൽഡ് ലൈൻ, ജില്ലാ ശിശുസംരക്ഷണ യൂണിറ്റ് എന്നിവയുടെ പ്രവർത്തന റിപ്പോർട്ട് നടത്തുകയുണ്ടായി. ബ്ലോക്ക് ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റി, പഞ്ചായത്ത് പ്രൊട്ടക്ഷൻ കമ്മിറ്റി എന്നിവയുടെ നടത്തിപ്പ് സംബന്ധിച്ചും ജനപ്രതിനിധികൾക്കായി പോക്സോ, ബാലാവകാശങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുന്നതു സംബന്ധിച്ചും യോഗം ചർച്ച ചെയ്തു. ബ്ലോക്കുതല ശിശുസംരക്ഷണ മേൽനോട്ട സമിതി യോഗം,

പഞ്ചായത്തുതല ശിശുസംരക്ഷണ മേൽനോട്ട സമിതി യോഗം എന്നിവ മേയ് 25 നു മുമ്പ് കൂടുന്നതിനും തീരുമാനിച്ചു. ജില്ലാതല ശിശുസംരക്ഷണ മേൽനോട്ട സമിതിയിൽ ലീഗൽ സർവ്വീസ് അതോറിറ്റിയെ ഉൾപ്പെടുത്തുന്നതിനും യോഗത്തിൽ തീരുമാനിച്ചു.

**ആലപ്പുഴ**

29.06.2018 ൽ ബഹു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ പ്രതിനിധി ശ്രീ. സന്തോഷിന്റെ അദ്ധ്യക്ഷതയിൽ ബഹു. കമ്മീഷൻ അംഗം സിസ്റ്റർ. ബിജി ജോസ്.സി.എം.സി. യുടെ സാന്നിദ്ധ്യത്തിൽ ഡി.സി.പി.സി. യോഗം ചേർന്നു. ബ്ലോക്ക് പഞ്ചായത്ത് തലത്തിലും ഗ്രാമപഞ്ചായത്ത് തലത്തിലും ജില്ലാ പഞ്ചായത്ത് തലത്തിലുമുള്ള ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റി പ്രതിനിധികൾക്കുള്ള ശിൽപ്പശാലകൾ സംബന്ധിച്ച് ചർച്ച നടന്നു.

**പത്തനംതിട്ട**

29.05.2018 ൽ ബഹു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. അന്നപൂർണ്ണാ ദേവിയുടെ അദ്ധ്യക്ഷതയിൽ ബഹു. കമ്മീഷൻ അംഗം സിസ്റ്റർ ബിജി ജോസ്.സി.എം.സി. യുടെ സാന്നിദ്ധ്യത്തിൽ ഡി.സി.പി.സി. യോഗം ചേർന്നു. സി.പി.സി.യുടെ വിവിധതലങ്ങളിലുള്ള ശിൽപ്പശാലകൾ ജൂൺ 15 നു ശേഷം നടത്തുന്നതിനും പഞ്ചായത്തുതല ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റിയുടെ പ്രതിനിധികളായ കുട്ടികൾക്കായി ജില്ലാതലത്തിൽ പ്രത്യേക ശിൽപ്പശാല സംഘടിപ്പിക്കുന്നതിനും യോഗം തീരുമാനിച്ചു.

**കോട്ടയം**

21.05.2018 ൽ ബഹു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. സഖറിയാസ് കുതിരവേലിയുടെ അദ്ധ്യക്ഷതയിൽ ബഹു. കമ്മീഷൻ അംഗം ശ്രീ. എം.പി. ആന്റണിയുടെ സാന്നിദ്ധ്യത്തിൽ ഡി.സി.പി.സി. യോഗം ചേർന്നു. ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റി രൂപീകരണം, ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റി ശാക്തീകരണം, ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റി ശിൽപ്പശാല എന്നിവ സംബന്ധിച്ച് യോഗം വിശദമായി ചർച്ച ചെയ്തു. ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റിയുടെ യോഗം മൂന്നു മാസത്തിലൊരിക്കൽ ചേരുന്നതിന് കൃത്യത പാലിക്കണമെന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് നിർദ്ദേശം നൽകി.

**ഇടുക്കി**

19.06.2018 ൽ ബഹു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കുമാരി കൊച്ചുത്രേസ്യ പൗലോസിന്റെ അദ്ധ്യക്ഷതയിൽ നടന്ന ശിൽപ്പശാലയിൽ ബഹു. കമ്മീഷൻ അംഗം സിസ്റ്റർ ബിജി ജോസ്. സി.എം.സി. പങ്കെടുത്തു. ജില്ലാതല ശിൽപ്പശാലകൾ പീരുമേട്, കട്ടപ്പന, മൂന്നാർ എന്നിവിടങ്ങളിൽ നടത്തുന്നതായിരിക്കും നല്ലതെന്ന് യോഗം നിർദ്ദേശിച്ചു. ശിൽപ്പശാലകൾക്ക് മുന്നോടിയായി ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, മുൻസിപ്പാലിറ്റി എന്നിവിടങ്ങളിലെ ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റികൾ കൂടുന്നത് ഉചിതമായിരിക്കുമെന്ന് യോഗം അഭിപ്രായപ്പെട്ടു.

**എറണാകുളം**

13.06.2018 ൽ ബഹു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. ആശാ സനലിന്റെ അദ്ധ്യക്ഷതയിൽ ഡി.സി.പി.സി. വൈസ് ചെയർമാനായ ജില്ലാ കളക്ടർ ശ്രീ മുഹമ്മദ് സഫറുള്ള, ബഹു. കമ്മീഷൻ അംഗം ശ്രീ. എം.പി. ആന്റണി എന്നിവരുടെ സാന്നിദ്ധ്യത്തിൽ ഡി.സി.പി.സി. യോഗം ചേർന്നു. 2017 നു ശേഷം ജില്ലാ ശിശുസംരക്ഷണ യൂണിറ്റ് നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ റിപ്പോർട്ട് സംബന്ധിച്ച് യോഗം ചർച്ച ചെയ്തു. ഗ്രാമ-ബ്ലോക്ക്-മുൻസിപ്പാലിറ്റിതല ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റികൾ രൂപീകരിക്കാത്ത പഞ്ചായത്തുകളിലും, മുൻസിപ്പാലിറ്റികളിലും, ബ്ലോക്ക് പഞ്ചായത്തുകളിൽ അവ രൂപീകരിക്കുന്നതിന് പഞ്ചായത്ത്- ബ്ലോക്ക്തല പ്രസിഡന്റുമാർക്കും മുൻസിപ്പൽ ചെയർമാൻമാർക്കും നിർദ്ദേശം നൽകുവാൻ തീരുമാനിച്ചു. ജില്ലാതല ശിൽപ്പശാലകൾ നടത്തുന്നതിലേയ്ക്കായി എല്ലാ സഹായ സഹകരണങ്ങളും ഡി.സി.പി.സി.യുടെ ഭാഗത്തുനിന്നും ഉണ്ടാകുമെന്നു കമ്മിറ്റി അഭിപ്രായപ്പെട്ടു.

**തൃശ്ശൂർ**

02.06.2018 ൽ ബഹു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. മേരി തോമസിന്റെ അദ്ധ്യക്ഷതയിൽ ബഹു. കമ്മീഷൻ അംഗം ശ്രീമതി.

ശ്രീല മേനോന്റെ സാന്നിദ്ധ്യത്തിൽ ഡി.സി.പി.സി. യോഗം ചേർന്നു. ബ്ലോക്കുതല ശിശുസംരക്ഷണ സമിതികൾ, പഞ്ചായത്തുതല ശിശുസംരക്ഷണ സമിതികൾ എന്നിവ കൂടുന്നതി നായി കമ്മിറ്റി അംഗങ്ങൾക്കായി ബോധവൽക്കരണ ശിൽപ്പശാല സംഘടിപ്പിക്കാൻ തീരുമാനിച്ചു. ജില്ലയിലെ 16 ബ്ലോക്കുകളെ നാലായി തിരിച്ച് അതിനു കീഴിൽ വരുന്ന പഞ്ചായത്തുകളെ ഏകോപിപ്പിച്ച് നാല് ശിൽപ്പശാലകൾ സംഘടിപ്പിക്കുവാനും ശിൽപ്പശാലയോടനുബന്ധിച്ച് സ്കൂൾ വിദ്യാർത്ഥികൾക്കായി സംവാദ മത്സരം നടത്തുവാനും തീരുമാനിച്ചു.

### പാലക്കാട്

07.06.2018 ൽ ബഹു. കളക്ടർ ശ്രീ. ഡി. ബാലമുരളിയുടെ അദ്ധ്യക്ഷതയിൽ ബഹു. കമ്മീഷൻ അംഗം ശ്രീ. സി.ജെ. ആന്റണിയുടെ സാന്നിദ്ധ്യത്തിൽ ഡി.സി.പി.സി. യോഗം ചേർന്നു. കുട്ടികൾ നേരിടുന്ന പ്രശ്നങ്ങൾ ഓരോ പ്രദേശങ്ങളിലും വ്യത്യസ്തമായതിനാൽ പ്രാദേശികതലത്തിൽ പ്രശ്ന പരിഹാരത്തിന് ഉതകുന്ന തരത്തിൽ ഗ്രാമ/ബ്ലോക്ക്/ജില്ലാ കോർപ്പറേഷൻതല ശിശുസംരക്ഷണ കമ്മിറ്റികളുടെ പ്രവർത്തനം ഊർജിതപ്പെടുത്തണമെന്ന് ചെയർപേഴ്സൺ അറിയിച്ചു. ശിശുസംരക്ഷണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി ബ്ലോക്കുതല, പഞ്ചായത്തുതല ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റികളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനെപ്പറ്റിയും യോഗം വിലയിരുത്തി. തദ്ദേശ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കുള്ള പരിശീലന പരിപാടിയുടെ തീയതിയും സ്ഥലവും തീരുമാനിച്ച് കമ്മീഷനെ അറിയിക്കാൻ ഡി.സി.പി.ഒ.യെ ചുമതലപ്പെടുത്തി.

### മലപ്പുറം

16.05.2018 ൽ ബഹു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. എ.പി. ഉണ്ണിക്കൃഷ്ണന്റെ അദ്ധ്യക്ഷതയിൽ ബഹു. കമ്മീഷൻ അംഗം ശ്രീ. എം.പി. ആന്റണിയുടെ സാന്നിദ്ധ്യത്തിൽ ഡി.സി.പി.സി. യോഗം ചേർന്നു. സംസ്ഥാനതലത്തിൽ കമ്മീഷൻ വിഭാവനം ചെയ്തിരുന്ന ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റികളുടെ ശാക്തീകരണ ശിൽപ്പശാലകൾ സംബന്ധിച്ച് യോഗം വിശദമായി ചർച്ച ചെയ്തു. ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റികളുടെ മൂന്നു ശിൽപ്പശാലകളും കുട്ടികൾക്ക് വേണ്ടി പ്രത്യേകമായി ഒരു ശിൽപ്പശാലയും നടത്താൻ യോഗം തീരുമാനിച്ചു. മുൻസിപ്പാലിറ്റികൾ, ബ്ലോക്കുകൾ എന്നിവയ്ക്കുള്ള പ്രോഗ്രാം മലപ്പുറത്തു വെച്ചും പഞ്ചായത്തുകൾക്കുള്ളത് മലപ്പുറത്തും, തിരൂരുമായും നടത്താനും തീരുമാനിച്ചു.

### കോഴിക്കോട്

06.06.2018 ൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ അഭാവത്തിൽ ബഹു. കമ്മീഷൻ അംഗം ശ്രീമതി ശ്രീല മേനോന്റെ അദ്ധ്യക്ഷതയിൽ ഡി.സി.പി.സി. യോഗം ചേർന്നു. ജില്ലയുടെ എല്ലാ പഞ്ചായത്തുകളിലും ബ്ലോക്ക്, മുൻസിപ്പാലിറ്റി, കോർപ്പറേഷനുകളിലും ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റികൾ പ്രാദേശിക തലത്തിൽ കുട്ടികളുടെ അവകാശ സംരക്ഷണവുമായി ബന്ധപ്പെട്ട പദ്ധതികൾ തയ്യാറാക്കി പ്ലാനിംഗ് ബോർഡിന്റെ അംഗീകാരത്തോടെ സമർപ്പിക്കുവാൻ കമ്മീഷൻ അംഗം നിർദ്ദേശിച്ചു. പഞ്ചായത്ത്, ബ്ലോക്ക്തല ജനപ്രതിനിധികൾ, പൊതുപ്രവർത്തകർ എന്നിവരെ ഉൾപ്പെടുത്തി നാല് ശിൽപ്പശാലകൾ നടത്താൻ തീരുമാനിച്ചു.

### വയനാട്

26.06.2018 ൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. കെ.ബി. നസീമയുടെ അദ്ധ്യക്ഷതയിൽ ബഹു. കമ്മീഷൻ അംഗം സിസ്റ്റർ ബിജി ജോസ്. സി.എം.സി. യുടെ സാന്നിദ്ധ്യത്തിൽ ഡി.സി.പി.സി. യോഗം ചേർന്നു. ബ്ലോക്ക് പഞ്ചായത്ത്-ഗ്രാമ പഞ്ചായത്ത്-മുൻസിപ്പാലിറ്റിതല ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റികൾ സജീവമാക്കേണ്ടതിന്റെ ആവശ്യകത കമ്മിറ്റി ചർച്ച ചെയ്തു. ജില്ലയിലെ ശിൽപ്പശാല നാല് ദിവസങ്ങളിലായി നടത്തുന്നതാണ് ഉചിതമെന്ന് യോഗം അഭിപ്രായപ്പെടുകയും ആയത് യോഗം അംഗീകരിക്കുകയും ചെയ്തു.

### കണ്ണൂർ

12.06.2018 ൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. കെ.വി. സുമേഷിന്റെ അദ്ധ്യക്ഷതയിൽ ബഹു. കമ്മീഷൻ അംഗം ശ്രീമതി ശ്രീല മേനോന്റെ സാന്നിദ്ധ്യത്തിൽ ഡി.സി.പി.സി.



യോഗം ചേർന്നു. ജൂൺ 20-ാം തീയതിക്കു മുമ്പ് മുഴുവൻ പഞ്ചായത്തുകളിലും ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റികൾ രൂപീകരിക്കാൻ ജില്ലാ കളക്ടർ നിർദ്ദേശം നൽകി. മുൻസിപ്പാലിറ്റി, ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമപഞ്ചായത്ത് എന്നീ സ്വയംഭരണ സർക്കാർതലത്തിലുള്ള ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റികളുടെ പ്രതിനിധികൾക്കായുള്ള ശിൽപ്പശാല നടത്തുന്നതിനു വേണ്ട എല്ലാവിധ പരിശ്രമങ്ങളും ഏവരുടെയും ഭാഗത്തുനിന്ന് ഉണ്ടാകണമെന്ന് യോഗം അഭിപ്രായപ്പെട്ടു.

**കാസറഗോഡ്**

11.06.2018 ൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. എ.ജി.സി. ബഷീറിന്റെ അദ്ധ്യക്ഷതയിൽ ബഹു. കമ്മീഷൻ അംഗം ശ്രീമതി ശ്രീല മേനോന്റെ സാന്നിദ്ധ്യത്തിൽ ഡി.സി.പി.സി. യോഗം ചേർന്നു. ജില്ലയിലെ മുഴുവൻ തദ്ദേശ സ്ഥാപനങ്ങളും ശിശുസൗഹദമാക്കുന്നതിന്റെ ഭാഗമായി ശിശുസംരക്ഷണ കമ്മിറ്റികളിലെ അംഗങ്ങൾക്ക് രണ്ടു ബ്ലോക്കുകൾക്ക് ഒന്ന് എന്ന രീതിയിൽ മൂന്ന് പരിശീലന പരിപാടി (നീലേശ്വരം, കാഞ്ഞങ്ങാട്, കാസറഗോഡ്) സംഘടിപ്പിക്കാൻ തീരുമാനിച്ചു. മുഴുവൻ പഞ്ചായത്ത് ശിശുസംരക്ഷണ കമ്മിറ്റികളും ജനുവരി, ഏപ്രിൽ, ജൂലൈ, ഒക്ടോബർ മാസങ്ങളിൽ 15-നും 20-നും ഇടയിൽ ചേരുന്നതിന് നിർദ്ദേശം നൽകി.

ജില്ലാതല കൂടിയാലോചനാ യോഗങ്ങളിൽ നിന്നും ലഭിച്ച നിർദ്ദേശങ്ങൾ ഉൾക്കൊണ്ടുകൊണ്ട് 14 ജില്ലകളിലുമായി നാൽപത് ശിൽപശാലകൾ സംഘടിപ്പിക്കുവാനാണ് കമ്മീഷൻ ലക്ഷ്യം വയ്ക്കുന്നത്. ഓരോ ജില്ലയിലും നഗരതലത്തിലും ബ്ലോക്കുതലത്തിലും ഗ്രാമതലത്തിലും പ്രവർത്തിച്ചു വരുന്ന ബാലസംരക്ഷണ സമിതികളുടെ ചെയർമാൻ, വൈസ് ചെയർമാൻ, കൺവീനർ എന്നിവരെ പങ്കെടുപ്പിച്ചു കൊണ്ടുള്ള ശില്പശാലകളാണ് കമ്മീഷൻ വിഭാവനം ചെയ്തിരിക്കുന്നത്. ഇടുക്കി, വയനാട്, കാസറഗോഡ്, ആലപ്പുഴ, പത്തനംതിട്ട ജില്ലകൾ ഒഴികെ മറ്റെല്ലാ ജില്ലകളിലും നഗരസഭാ-കോർപ്പറേഷൻ ബാലസംരക്ഷണ സമിതികൾക്കു വേണ്ടി പ്രത്യേകമായിട്ടായിരിക്കും ശിൽപശാല സംഘടിപ്പിക്കുന്നത്. മേൽപ്പറഞ്ഞ ജില്ലകളിൽ നഗരസഭ, ബ്ലോക്ക്, ഗ്രാമ പഞ്ചായത്ത് എന്നീ തലങ്ങളിലുള്ള ബാലസംരക്ഷണ സമിതി ഭാരവാഹികൾക്കുള്ള ട്രെയിനിംഗ് ഒരുമിച്ചായിരിക്കും നടക്കുക. ഓരോ ജില്ലകളിലെയും ശിൽപശാലകളിൽ 60 നും 100 നും ഇടയ്ക്ക് പ്രതിനിധികൾ പങ്കെടുക്കുന്ന രീതിയിലാണ് 40 കേന്ദ്രങ്ങളിലായി ഇത് വിഭാവനം ചെയ്തിരിക്കുന്നത്. 14 ജില്ലകളിലുമായി 3600 പേർക്കാണ് ഈ ശില്പശാലകളിൽ പങ്കെടുക്കുവാൻ ക്ഷണം നൽകുകയും പങ്കെടുപ്പിക്കുകയും ചെയ്യുക.

ജില്ലാതല ശിൽപശാലകൾ സെപ്തംബർ മുതൽ മാർച്ച് വരെയുള്ള മാസങ്ങളിൽ നടത്തത്തക്ക രീതിയിലാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. ശിൽപശാലകളുടെ ജില്ലാതലത്തിലുള്ള ക്രമീകരണം താഴെ ചേർക്കുന്നു.

| ക്രമ നം. | ജില്ല | ഇനം | | | നിർദ്ദേശിക്കപ്പെട്ട തീയതി |
|---|---|---|---|---|---|
| | | നഗരതലം | ബ്ലോക്ക് / ഗ്രാമതലം | സമ്മിശ്രം | |
| 1 | തിരുവനന്തപുരം | തിരുവനന്തപുരം ടൗൺ (1) | വർക്കല (1)<br>നെയ്യാറ്റിൻകര (1) | ഇല്ല | 2018 ഒക്ടോബർ 25, 26, 27 |
| 2 | കൊല്ലം | കൊല്ലം ടൗൺ | കൊട്ടാരക്കര | കരുനാഗപ്പള്ളി | 2018 ഒക്ടോബർ 29, 30, 31 |
| 3 | പത്തനംതിട്ട | | | പത്തനംതിട്ട<br>അടൂർ | 2018 ഒക്ടോബർ 30, 31 |
| 4 | ആലപ്പുഴ | | | ആലപ്പുഴ (1)<br>കായംകുളം (1) | 2018 നവംബർ 22, 23 |
| 5 | കോട്ടയം | കോട്ടയം ടൗൺ (1) | | വൈക്കം<br>പാല | 2018 നവംബർ 07, 08, 09 |
| 6 | ഇടുക്കി | | | മൂന്നാർ<br>കട്ടപ്പന<br>പീരുമേട് | 2018 നവംബർ 07, 08, 09 |
| 7 | എറണാകുളം | എറണാകുളം ടൗൺ | മൂവാറ്റുപുഴ (1)<br>പറവൂർ(1) | | 2018 ഒക്ടോബർ 30, 31<br>നവംബർ 2 |
| 8 | തൃശ്ശൂർ | തൃശ്ശൂർ ടൗൺ | ഇരിങ്ങാലക്കുട<br>മുളങ്കുന്നത്തുകാവ് (കില) | | 2018 ഡിസംബർ 10, 11, 12 |
| 9 | പാലക്കാട് | പാലക്കാട് | മണ്ണാർക്കാട്<br>പട്ടാമ്പി | | 2018 നവംബർ 21, 22, 23 |
| 10 | മലപ്പുറം | മലപ്പുറം ടൗൺ (1) | തിരൂർ (1)<br>വണ്ടൂർ (1)<br>മഞ്ചേരി (1) | | 2018 നവംബർ 27, 28, 29, 30 |
| 11 | കോഴിക്കോട് | കോഴിക്കോട് ടൗൺ | താമരശ്ശേരി<br>കൊയിലാണ്ടി | | 2018 നവംബർ 07, 08, 09 |
| 12 | വയനാട് | | | കൽപ്പറ്റ (1)<br>മാനന്തവാടി (1) | 2018 ഡിസംബർ 11, 12 |
| 13 | കണ്ണൂർ | കണ്ണൂർ ടൗൺ | തലശ്ശേരി<br>തളിപ്പറമ്പ് | | 2018 നവംബർ 21, 22, 23 |
| 14 | കാസർഗോഡ് | | | കാസർഗോഡ്<br>കാഞ്ഞങ്ങാട് | 2018 ഒക്ടോബർ 29, 30 |

OOOO

## ശിൽപ്പശാല വിഷയങ്ങൾ

രാവിലെ 9 മണി മുതൽ വൈകിട്ട് 6 വരെ വിഭാവനം ചെയ്തിട്ടുള്ള ശിൽപശാലയിലെ വിവിധ സെഷനുകൾ താഴെപ്പറയും പ്രകാരമാണ് നടത്തപ്പെടുന്നത്.

**പ്രോഗ്രാം ഷെഡ്യൂൾ**

| | | |
|---|---|---|
| 8.30 9.00 am | : | രജിസ്ട്രേഷൻ |
| 9.00 9.30 am | : | പ്രാരംഭ സെക്ഷൻ (ഉദ്ഘാടനം) |
| **ഉദ്ഘാടകൻ** | : | ജില്ലാ ബാലസംരക്ഷണ സമിതി ചെയർമാൻ |
| **അദ്ധ്യക്ഷൻ** | : | ജില്ലാ കളക്ടർ |
| 09.30 11.00 am | : | കുട്ടികൾക്കു വേണ്ടിയുള്ള സർക്കാർ പദ്ധതികളും സേവനങ്ങളും<br>പദ്ധതി രൂപീകരണവും നടത്തിപ്പും ഓഡിറ്റിംഗും |
| **പരിശീലകൻ** | : | ജില്ലാ പ്ലാനിംഗ് ഓഫീസർ/സംസ്ഥാന പ്ലാനിംഗ് ബോർഡ് പ്രതിനിധി |
| 11.30 11.45 am | : | ചായ |
| 11.45 01.15 pm | : | ബാലസംരക്ഷണ സംവിധാനങ്ങളും സേവനങ്ങളും |
| **പരിശീലകൻ** | : | ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർ |
| 01.15 02.00 pm | : | ഉച്ചഭക്ഷണം |
| 02.00 03.00 pm | : | കേരള സംസ്ഥാന ബാലാവകാശ കമ്മീഷൻ പ്രവർത്തനങ്ങൾ |
| **പരിശീലകൻ** | : | കമ്മീഷൻ മെമ്പർ |
| 03.00 04.00 pm | : | ഗ്രൂപ്പ്ചർച്ച - ബാലസംരക്ഷണ സമിതികൾ<br>വെല്ലുവിളികളും സാധ്യതകളും<br>*(ഗ്രൂപ്പ് രൂപീകരണം - ബ്ലോക്ക് അടിസ്ഥാനത്തിൽ)* |
| 04.00 04.15 pm | : | ചായ |
| 04.15 05.30 pm | : | ഗ്രൂപ്പ് ചർച്ചയുടെ റിപ്പോർട്ട് അവതരണം<br>(10 മിനിറ്റ് വീതം) |
| **മോഡറേറ്റർ** | : | **സ്ഥലം** എം.എൽ.എ. |
| 05.30 pm | : | സമാപനം |

ഓരോ ജില്ലയിലും ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റികളുടെ മേൽനോട്ടത്തിലാണ് ശിൽപ്പശാലകൾ നടത്തേണ്ടത്. സംഘാടനവുമായി ബന്ധപ്പെട്ട് ജില്ലാ തലത്തിൽ തുടർ ആലോചനായോഗങ്ങളും തുടർനടപടികളും സ്വീകരിക്കേണ്ടത് ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റിയുടെയും അതാത് തദ്ദേശ സ്വയംഭരണ സർക്കാർ ബാലസംരക്ഷണസമിതികളുടെയും ഉത്തരവാദിത്തമാണ്. ശിൽപ്പശാലകളിൽ പങ്കെടുക്കേണ്ടവരെ മുൻകൂട്ടി അറിയിക്കുകയും ശിൽപ്പശാല നടത്തപ്പെടുന്ന സ്ഥലസൗകര്യങ്ങളും പ്രചരണവും ഏർപ്പാട് ചെയ്യുകയും ചെയ്യേണ്ടത് അതാത് ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റികളാണ്. കമ്മീഷന്റെ ഭാഗത്തുനിന്നും ആവശ്യമായ കത്തിടപാടുകൾ, സാമ്പത്തിക പിൻതുണ, റിസോഴ്സ് പേഴ്സൺ എന്നിവ ഏർപ്പാട് ചെയ്യുന്നതാണ്.

ഓരോ ജില്ലയിലേക്കും ആവശ്യമായ പരിശീലകരെ കമ്മീഷന്റെ നേതൃത്വത്തിൽ സംസ്ഥാന പ്ലാനിംഗ് ബോർഡ്, ജില്ലാതല പ്ലാനിംഗ് ഓഫീസ്, ജില്ലാതല ശിശുസംരക്ഷണ ഓഫീസ് തുടങ്ങിയവരുമായി കൂടിയാലോചിച്ച് നിശ്ചയിച്ച് നൽകുന്നതാണ്. കൂടാതെ പരിശീലകർക്കുവേണ്ട പഠന സഹായികൾ കമ്മീഷൻ തയ്യാറാക്കി നൽകുന്നതായിരിക്കും.

## സംസ്ഥാനതല കൂടിയാലോചനാ യോഗം

ജില്ലാതല ശിൽപശാലകൾ സംഘടിപ്പിക്കുന്നതിനു മുന്നോടിയായി കമ്മീഷന്റെ നേതൃത്വത്തിൽ സംസ്ഥാനതലത്തിൽ ഒരു ഏകദിന കൂടിയാലോചനാ യോഗം നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത കൂടിയാലോചനാ യോഗത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ്, വനിതാ ശിശുവികസന വകുപ്പ്, സംസ്ഥാന പ്ലാനിംഗ് ബോർഡ് എന്നിവയിൽ നിന്നുള്ള ഉന്നത ഉദ്യോഗസ്ഥരും ജില്ലാതല പ്ലാനിംഗ് ഓഫീസർമാരും ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർമാരും ആയിരിക്കും പങ്കെടുക്കുന്നത്. ജില്ലാതല ശിൽപശാലകളുടെ നടത്തിപ്പും മറ്റനുബന്ധ വിഷയങ്ങളും തദവസരത്തിൽ ചർച്ച ചെയ്ത് തീരുമാനിക്കുന്നതായിരിക്കും.

## ഉപസംഹാരം

ശിൽപ്പശാലകളുടെ തുടർച്ചയായി ജില്ലാതലത്തിലും, കോർപ്പറേഷൻതലത്തിലും, ബ്ലോക്ക്തലത്തിലും, മുൻസിപ്പാലിറ്റിതലത്തിലും, ഗ്രാമപഞ്ചായത്ത്തലത്തിലും ശാക്തീകരിക്കപ്പെടുന്ന ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റികളുടെ പ്രവർത്തനങ്ങളിൽ വിദ്യാഭ്യാസം, പോലീസ്, ആരോഗ്യം തുടങ്ങി വിവിധ വകുപ്പുകളിലൂടെയുള്ള കുട്ടികൾക്കായുള്ള പദ്ധതികളുടെയും പരിപാടികളുടെയും സംയോജിതമായ നടത്തിപ്പും ഒപ്പംതന്നെ അത്തരം പ്രവർത്തനങ്ങളിൽ കേരള സംസ്ഥാന തല ലീഗൽ സർവ്വീസ് അതോറിറ്റിയുടെയും ജില്ലാ-താലൂക്ക്തല ലീഗൽ സർവ്വീസ് സംവിധാനങ്ങളുടെയും ഗവൺമെന്റിതര ഏജൻസികളുടെയും പങ്കാളിത്തവും ഉറപ്പുവരുത്തണമെന്ന് കമ്മീഷൻ അഭിലഷിക്കുന്നുണ്ട്.

ശിൽപ്പശാലകൾ വഴി ബാലസൗഹൃദ കേരളത്തിനായുള്ള കാൽവയ്പുകൾ ശാക്തീകരിക്കപ്പെടണമെന്നും കുട്ടികൾ പ്രാദേശികമായി നേരിടുന്ന വിവിധ പ്രശ്നങ്ങൾ പ്രാദേശികമായിത്തന്നെ പരിഹാരമുണ്ടാക്കുന്നതിനുള്ള കമ്മീഷന്റെ ദൗത്യം ഒരു യാഥാർത്ഥ്യമാകുവാൻ എല്ലാ ബാല സംരക്ഷണ സമിതികളും പൊതുസമൂഹവും കൂട്ടായി സഹകരിക്കുമെന്നും പ്രതീക്ഷിക്കുന്നു. നമ്മുടെ നാട്ടിലെ ഒരു കോടിയിലധികം വരുന്ന കുട്ടികൾ നമ്മുടെ നാടിന്റെ സമ്പത്തായി കണക്കാക്കി മുന്നേറുവാൻ ഈ പരിശ്രമം വഴി സാധിക്കുമെന്നുതന്നെയാണ് കമ്മീഷൻ പ്രതീക്ഷിക്കുന്നത്.

ഠഠഠഠ

# സമിതികളുടെ നിർവ്വഹണ സാധ്യതകൾ

ജില്ലാതല ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റി മീറ്റിംഗുകളിൽ നടന്ന ചർച്ചകളുടെ അടിസ്ഥാനത്തിൽ കോർപ്പറേഷൻ/മുൻസിപ്പാലിറ്റി/ ഗ്രാമപഞ്ചായത്ത്തലത്തിലുള്ള ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റിയുടെ നിലവിലുള്ള ഘടനയിൽ താഴെപ്പറയുന്ന വിഭാഗങ്ങളെ കൂട്ടി ചേർക്കേണ്ടതാണ്.

1) സെക്രട്ടറി, ഗ്രാമ പഞ്ചായത്ത്/ മുൻസിപ്പാലിറ്റി/കോർപ്പറേഷൻ
2) CCI പ്രതിനിധികൾ (ജെ.ജെ.ആക്റ്റ് പ്രകാരമുള്ള ബാലസംരക്ഷണ സ്ഥാപനങ്ങൾ)
3) കുടുംബശ്രീ CDS ചെയർപേഴ്സൺ
4) ജാഗ്രതാ സമിതി സെക്രട്ടറി
5) ആശാവർക്കർ
6) വുമൺ ചൈൽഡ് വെൽഫെയർ ആഫീസർ (പോലീസ്)
7) ചൈൽഡ് വെൽഫെയർ ആഫീസർ (സ്റ്റേഷൻ ഹൗസ് ആഫീസർ)
8) പ്രാദേശിക സന്നദ്ധ സംഘടനകളുടെ പ്രതിനിധികൾ (ഉദാ:-ഗ്രന്ഥശാല)
9) യൂത്ത് ക്ലബ് ജോയിന്റ് കൺവീനർ
10) സ്കൂൾ കൗൺസലേഴ്സ് പ്രതിനിധി (ഒരു സ്കൂളിൽ നിന്നും ഒരാൾ വീതം)
11) വുമൺ അഡ്വക്കേറ്റ്/ലീഗൽ കൗൺസിലർ/ പാരാലീഗൽ വോളണ്ടിയർ(C/o DLSA)
12) ചൈൽഡ്ലൈൻ വോളന്റിയർ
13) സ്കൂൾ PTA പ്രതിനിധി

തദ്ദേശസ്വയംഭരണ സർക്കാർതലത്തിൽ ഇവർ കൂടിയാലോചിച്ച് നിലവിലുള്ള പ്രശ്നങ്ങൾ മുൻഗണനാക്രമത്തിൽ തയ്യാറാക്കുകയും നിലവിലുള്ള സംവിധാനങ്ങളിലേയ്ക്ക് റഫർ ചെയ്യുകയും വേണം. പ്രശ്നങ്ങളുടെ തരം അനുസരിച്ച് നിലവിലുള്ള ഇടപെടൽ പരിഹാര സംവിധാനങ്ങളുടെ പ്രവർത്തനവുമായുള്ള ബന്ധം അത്തരം പ്രവർത്തനത്തിന് ചുമതലപ്പെട്ടവർ അവരിൽ നിക്ഷിപ്തമായിട്ടുള്ള നിയമപരമായ ഉത്തരവാദിത്തങ്ങൾ എന്നിവ നിലവിലുള്ള ചട്ടങ്ങളുടെ

അടിസ്ഥാനത്തിൽ കൃത്യമായി നിർവചിക്കുകയും വിശദീകരിക്കുകയും ചെയ്യണം.

2012-ന് ശേഷം നിലവിൽ വന്നിട്ടുള്ള പുതിയ നിയമങ്ങളും ചട്ടങ്ങളും (2012 POCSO, 2014 POCSO Rule, 2015 JJ Act, 2016-ലെ മാതൃകാ ചട്ടം) ആയത്പ്രകാരം നിലവിൽ വന്നിട്ടുള്ള സ്ഥാപനങ്ങളെ (JJB, CWC, ChildLine, DCPU, DCPC, CPC ഉൾപ്പെടെ) സംബന്ധിച്ചിട്ടുള്ള കൃത്യമായ വിവരങ്ങളും അറിവും പ്രചരിപ്പിക്കുന്നതിനുള്ള തന്ത്രവും നയവും പ്രാദേശികമായ പ്രത്യേകതകളും സാദ്ധ്യതയും കൂടി കണക്കിലെടുത്ത് രൂപീകരിക്കുക.

നിലവിൽ CPC കൂടുന്നതുമായി ബന്ധപ്പെട്ട് സർക്കാർ ഇറക്കിയിട്ടുള്ള മാർഗ നിർദ്ദേശങ്ങൾക്കനുസൃതമായി പ്രവർത്തിക്കുന്നതോടൊപ്പം കാലോചിതമായ പരിഷ്ക്കരണങ്ങളും ഉണ്ടാകേണ്ടിയിരിക്കുന്നു. മാസംതോറും അജണ്ട വച്ച് CPC കൂടി മുൻയോഗ തീരുമാനങ്ങളിൽ സ്വീകരിച്ച നടപടി റിപ്പോർട്ടിന്മേലുള്ള ചർച്ചയും അവലോകനവും കേരള പഞ്ചായത്ത്രാജ് ആക്റ്റ് പ്രകാരം നിർബന്ധിതമാക്കുവാൻ വേണ്ട നിയമ ഭേദഗതി വരുത്തേണ്ടതുമാണ്. മൂന്നു മാസത്തിൽ കൂടുതൽ മീറ്റിംഗ് ഇടവേള സംഭവിക്കുകയാണെങ്കിൽ ബാലാവകാശ സംരക്ഷണ സംവിധാനത്തിന്റെ വീഴ്ചയായി കണക്കാക്കി ഉത്തരവാദിത്തപ്പെട്ട ഇജഇ ചെയർമാനും, മെമ്പർ സെക്രട്ടറിക്കുമെതിരെ നടപടിയെടുക്കുന്നതിനുള്ള വകുപ്പും ഭേദഗതിയിൽ വരുത്തേണ്ടതാണ്.

ആത്യന്തികമായി ഓരോ പ്രദേശത്തെയും കുട്ടികളുടെ സുരക്ഷിതത്വവും ക്ഷേമവും തദ്ദേശ സ്വയംഭരണ സർക്കാരുകളുടെ പ്രഥമ പരിഗണനാ വിഷയം ആണെന്ന സമീപനം പദ്ധതി രേഖകളിലും പദ്ധതി പ്രവർത്തനങ്ങളിലും ഉൾച്ചേർക്കപ്പെടുകതന്നെ വേണം.

ഠഠഠഠ